# SY-508

Reg. No. : ......................................

Name : ..........................................

**SECOND YEAR HIGHER SECONDARY EXAMINATION, MARCH – 2024**

Part – II

Time : 2 $\frac{1}{2}$ Hours

## മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ട് ഉത്തരം, നല്കിയിരിക്കുന്ന സൂചനകളിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.**

**(5 × 2 = 10)**

1. “പ്രകാശം ജലം പോലെയാണ്” എന്ന കഥയിൽ കാട്ജിനെ ഇന്ത്യാസിന്റെ പ്രത്യേകതകളായി പറയുന്ന കാര്യങ്ങൾ :

   - ഒരു തുറമുഖനഗരമാണ്.
   - ഷവറിൽനിന്നു വരുന്ന വെള്ളം മാത്രമുള്ള സ്ഥലമാണ്.
   - ഒരു മുറ്റവും ഉൾക്കടലിനോടു ചേർന്ന ബോട്ടുകള ടുപ്പിയ്ക്കാനുള്ള സ്ഥലവും ഉണ്ടായിരുന്നു.
   - പൊള്ളുന്ന വേനലും മഞ്ഞും കാറ്റുമുള്ള, നദിയോ കടലോ ഇല്ലാത്ത സ്ഥലമാണ്.

2. “അവകാശങ്ങളുടെ പ്രശ്നം” എന്ന കഥയിൽ ദിവാകരൻ എത്തിച്ചേർന്ന തെരുവിന്റെ സവിശേഷതകൾ :

- മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വില്ക്കുന്ന തെരുവ്.
- മനുഷ്യത്വത്തിന് പ്രാധാന്യം നല്കിയ കച്ചവടക്കാർ
- വെളിച്ചത്തിന്റെ ധാരാളിത്തമുള്ള കടകളുള്ള സ്ഥലം.
- ഒരു കടയിലെ ചിത്രം മറ്റൊരു കടയിൽ ഉണ്ടാവുകയില്ല.

3. “കാക്കാരശ്ശിനാടക”ത്തിന്റെ രണ്ട് സവിശേഷതകൾ :

- ഫലിതവും പരിഹാസവും മുഖമുദ്രയാക്കിയിട്ടുള്ള വിനോദനാടകരൂപം
- പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ വേഷങ്ങൾ.
- പാളകൾകൊണ്ടാണ് കോലങ്ങൾ നിർമ്മിക്കുന്നത്.
- ശിവപുരാണവുമായി ബന്ധപ്പെട്ട ഐതീഹ്യം ഇതിവൃത്തമാകുന്നു.

4. പുലിക്കോട്ടിൽ ഹൈദറുമായി ബന്ധപ്പെട്ട ശരിയായ രണ്ടു വസ്തുതകൾ :

- മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ ജനിച്ചു.
- സി.പി. ആന്റണി ജാമ്യംനിന്നു.
- മുഹമ്മദ് അബ്ദുറഹിമാന്റെ അനുയായി ആയിത്തീർന്നു.
- തിരസ്കൃതനായിട്ടാണ് ജനിച്ചതും വളർന്നതും.

5. “മോഷണം” എന്ന കവിതയിൽ കള്ളന്റെ ന്യായീകരണത്തിൽ ശരിയായിട്ടുള്ള രണ്ടു വസ്തുതകൾ :

- കോഴിയിറച്ചിയും പശുവിൻപാലും വൈദ്യൻ വിലക്കിയിരുന്നു.
- പശുവിനെ മോഷ്ടിച്ചതു ചന്തയിൽ വില്ക്കുവാനായിരുന്നു.
- കോഴിയെ മോഷ്ടിച്ചതു പൊരിച്ചുതിന്നാനായിരുന്നു.
- തുണി മോഷ്ടിച്ചതു നാണം കാക്കാനായിരുന്നു.

6. “കൊള്ളിവാക്കല്ലാതൊന്നും” എന്ന പാഠഭാഗത്തിൽ ശീലാവതി പറയുന്ന പരിഭവങ്ങളിൽ ശരിയായിട്ടുള്ള രണ്ടുകാര്യങ്ങൾ :

- പറഞ്ഞെങ്കിലും പറയാഞ്ഞാലും കുറ്റം
- എരിച്ചെങ്കിലും എരിക്കാഞ്ഞാലും കുറ്റം
- കരിച്ചെങ്കിലും കരിക്കാഞ്ഞാലും കുറ്റം
- ചിരിച്ചെങ്കിലും ചിരിക്കാഞ്ഞാലും കുറ്റം

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (3 × 2 = 6)**

7. “മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂനിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും” – ശകുന്തള ഇപ്രകാരം പറയുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

8. “പഴയ കലാമണ്ഡലത്തിൽ പഠിച്ചിറങ്ങിയവരുടെ ചെറിയ സ്മരണകളിൽപ്പോലും ഭാരതപ്പുഴയുണ്ടാകും” – കലാമണ്ഡലം ഹൈദരലി പങ്കുവയ്ക്കുന്ന അന്നത്തെയും ഇന്നത്തെയും ഭാരതപ്പുഴയെക്കുറിച്ചുള്ള ഓർമ്മകൾ എടുത്തെഴുതുക.

9. “ചിരിക്കു പിന്നിൽ ചിന്തയുണ്ട്; അസംബന്ധങ്ങളുടെ സംബന്ധമാണ് തേങ്ങയിലെ ചിരിക്കു കാരണം”. – ‘തേങ്ങ’ എന്ന കവിത പങ്കുവയ്ക്കുന്ന രണ്ട് അസംബന്ധ ചിന്തകൾ എഴുതുക.

10. “വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ” എന്ന ഫീച്ചറിൽ സച്ചിനെക്കുറിച്ച് അഞ്ജലിടെൻഡുൽക്കറുടെ അഭിപ്രായം എഴുതുക.

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം) (6 × 4 = 24)**

11. “ഒരുപക്ഷേ, എന്റെ ജീവിതത്തിലെ ഏറ്റവും നല്ല പഠനം അതായിരിക്കണം” – മലയാളം മുൻഷിയെക്കുറിച്ചും ക്ലാസ്സുകളെക്കുറിച്ചുമുള്ള ഈ.സി.ജി. സുദർശന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

12. "അന്നവസ്ത്രാദി മുട്ടാതെ
തന്നുരക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു –
തന്നെ ഞങ്ങൾക്കു തമ്പുരാൻ".

(ദൈവദശകം – ശ്രീനാരായണഗുരു)

– ഗുരുവിന്റെ ഈ വരികളിലെ ആശയം കണ്ടെത്തുക.

13. "നൈഷധനിവൻ താൻ ഒരീഷലില്ലാമേ നിർണ്ണയം" – ഈ ആത്മഗതത്തിൽ ദമയന്തി എത്തിച്ചേരാനുണ്ടായ കാരണങ്ങൾ "കേശിനിമൊഴി" എന്ന പാഠഭാഗത്തെ അപഗ്രഥിച്ച് എഴുതുക.

14. "ഹൈദർ വിജയിച്ചത് സ്ത്രീയുടെ നൊമ്പരം ചിത്രീകരിക്കുന്നതിലാണ് " – മറിയക്കുട്ടിയുടെ കത്ത് എന്ന മാപ്പിളപ്പാട്ടിനെ ആസ്പദമാക്കി വിലയിരുത്തുക.

15. താഴെ തന്നിട്ടുള്ള സാഹിത്യകാരന്മാരേയും അവരുടെ സവിശേഷതകളേയും ചേരുംപടി ചേർക്കുക.

| | |
|---|---|
| അയ്യപ്പപ്പണിക്കർ | തുള്ളൽ എന്ന ദൃശ്യകലയുടെ പ്രതിഷ്ഠാപകൻ |
| ഗ്രേസി | സഞ്ചാരസാഹിത്യകാരൻ എന്ന നിലയിൽ പ്രസിദ്ധൻ |
| കുഞ്ചൻ നമ്പ്യാർ | മലയാളകവിതയിലെ ആധുനികതാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച കവികളിൽ പ്രമുഖൻ |
| എസ്.കെ. പൊറ്റെക്കാട്ട് | "പടിയിറങ്ങിപ്പോയ പാർവതി" ആദ്യകഥാസമാഹാരം |

16. "വികാരഭരിതമാണ് വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ" – ഫീച്ചർ വിലയിരുത്തി ഒരു കുറിപ്പു തയ്യാറാക്കുക.

17. "ഹോട്മെയിൽ മേൽവിലാസം ഉണ്ടായതോടെ അയാളുടെ ദിനചര്യകളിൽ മാറ്റങ്ങൾ സംഭവിച്ചു" – ടി.പി. ശ്രീധരന്റെ ദിനചര്യകളിലുണ്ടായ മാറ്റങ്ങൾ വ്യക്തമാക്കുക.

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)** **(3 × 6 = 18)**

18. അധിനിവേശത്തിനെതിരെയുള്ള പ്രതിഷേധമാണോ മാർക്വെസ് തന്റെ 'പ്രകാശം ജലം പോലെയാണ് ' എന്ന കഥയിൽ ആവിഷ്ക്കരിക്കുന്നത് ? ഒരു സന്ദർഭം കണ്ടെത്തി വിശദമാക്കുക.

19. താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 'പി. പത്മരാജന്റെ' ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

| | | |
|---|---|---|
| ജനനം | – | 1945, മുതുകുളം, ആലപ്പുഴജില്ല. |
| അറിയപ്പെടുന്ന മേഖലകൾ | – | ചലച്ചിത്രം, തിരക്കഥ, നോവൽ, ചെറുകഥ. |
| പ്രസിദ്ധ നോവലുകൾ | – | പ്രതിമയും രാജകുമാരിയും, നക്ഷത്രങ്ങളേ കാവൽ |
| പ്രസിദ്ധ കഥാസമാഹാരങ്ങൾ | – | പ്രഹേളിക, അപരൻ, പുകക്കണ്ണട. |
| സവിശേഷത | – | മലയാളകഥയിൽ ആധുനികതയുടെ വരവറിയിച്ചവരിൽ പ്രധാനി |
| അവാർഡുകൾ | – | കേരള സാഹിത്യ അക്കാദമി അവാർഡ്, തിരക്കഥാരചനയ്ക്കുള്ള സംസ്ഥാന അവാർഡ്, ദേശീയ തലത്തിൽ 'രജതകമലം' ലഭിച്ചിട്ടുണ്ട്. |

20. 'പദത്തിന്റെ പഥത്തിൽ' എന്ന പാഠഭാഗത്തിൽ കലാമണ്ഡലം ഹൈദരലി പങ്കുവയ്ക്കുന്ന ബാപ്പയേയും ഉമ്മയേയും കുറിച്ചുള്ള ഓർമ്മകൾ കണ്ടെത്തി അവതരിപ്പിക്കുക.

21. സഞ്ചാരസാഹിത്യകൃതികളുടെ സവിശേഷതകൾ 'ബദരിയും പരിസരങ്ങളും' 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്നീ പാഠഭാഗങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

**താഴെ തന്നിട്ടുള്ള ഖണ്ഡിക വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)** **(3 × 2 = 6)**

പരമ്പരാഗത മാധ്യമങ്ങൾക്ക് പകരമാകുമോ സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകൾ എന്ന ഗൗരവതരമായ ഒരു ചോദ്യം ലോകത്തിന്റെ പലകോണുകളിൽ നിന്ന് ഉയരുന്നുണ്ട്. ഇന്റർനെറ്റ് പൂർവ്വകാലത്ത് പുറംലോകവാർത്തകൾ മുതൽ അയൽപക്കവർത്തമാനങ്ങൾ വരെ ലഭിച്ചിരുന്നത് പരമ്പരാഗതമാധ്യമങ്ങൾ വഴിയായിരുന്നു. എന്നാൽ ഇന്ന് അങ്ങനെയല്ല. വാർത്തകൾ ഉദ്ഭവിക്കുന്ന ഇടത്തുനിന്നു. തന്നെ തൽക്ഷണം അവ സൈബർ ലോകത്ത് എത്തുന്നു. ഇങ്ങനെ വാർത്ത എഴുതുന്നവർ പരമ്പരാഗത വഴിയിൽ എഴുത്തുശിക്ഷണമോ എഡിറ്റിങ്പരിശീലനമോ ഒന്നും ലഭിച്ചവർ ആയിരിക്കണമെന്നില്ല. ഇത് മാധ്യമഭാഷയുടെ വാർപ്പുമാതൃകകളെ തകർക്കുന്നു. ഫേസ്ബുക്കിലും മറ്റും ദൈനംദിനവിഷയങ്ങളിൽ ആധികാരികതയോടെ വിശകലനം നടത്തുന്നവരുടെ എണ്ണവും ഇന്ന് കൂടുതലാണ്; സാധാരണ എഡിറ്റോറിയൽ പേജ് ലേഖനങ്ങളെക്കാളും മികച്ചതരത്തിൽ എഴുതപ്പെടുന്ന പോസ്റ്റുകൾക്ക് വായനക്കാരും ധാരാളമുണ്ട്. പത്രത്തിൽ തൽക്ഷണ ചർച്ചയ്ക്ക് ഒരു സാധ്യതയും ഇല്ല. ഇവിടെയാവട്ടെ, അഭിപ്രായങ്ങളും നിരീക്ഷണങ്ങളും തൊട്ടുതാഴെ കമന്റ് രൂപത്തിൽ പ്രത്യക്ഷപ്പെടും. നിരന്തരസംവാദങ്ങൾ സോഷ്യൽ മീഡിയയെ ഒഴിവാക്കാനാകാത്ത മാധ്യമരൂപമാക്കി മാറ്റിക്കഴിഞ്ഞു. അതുകൊണ്ടാകാം ഇന്ന് "ഫിഫ്ത്ത് എസ്റ്റേറ്റ്" എന്ന വിളിപ്പേരും സാമൂഹികസമ്പർക്ക മാധ്യമങ്ങൾക്കു ലഭിച്ചത്.

22. "ഗൗരവതരമായ ഒരുചോദ്യം ലോകത്തിന്റെ പലകോണുകളിൽനിന്ന് ഉയരുന്നുണ്ട്" – ഏതാണ് ആ ചോദ്യം ?

23. "ഇതു മാധ്യമഭാഷയുടെ വാർപ്പുമാതൃകകളെ തകർക്കുന്നു" – ഏത് ?

24. സാമൂഹികസമ്പർക്ക മാധ്യമങ്ങൾക്കു ലഭിച്ച വിളിപ്പേര് ഏത് ?

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ വീതം) (2 × 8 = 16)**

25. നമ്മുടെ നാടോടിസംസ്കാരത്തിന്റെയും 'പടയണി' എന്ന അനുഷ്ഠാന കലാരൂപത്തിന്റെയും അടിത്തറയിൽ കെട്ടിയുയർത്തിയ ഒരു കാവ്യശില്പമാണ് 'കിരാതവൃത്തം'. – കവിത വിശകലനം ചെയ്തു നിരീക്ഷണക്കുറിപ്പു തയ്യാറാക്കുക.

26. താഴെ തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ "അഗ്നിവർണ്ണന്റെ കാലുകൾ" എന്ന നാടകത്തെ വിലയിരുത്തുക.

- അധികാരത്തിന്റെ ജീർണ്ണത
- ഉപജാപക വൃന്ദങ്ങളുടെ മുതലെടുപ്പ്
- പൗരസമൂഹത്തിന്റെ നിസ്സംഗത
- ഭരണവ്യവസ്ഥയെ ശുദ്ധീകരിക്കാമെന്ന പ്രതീക്ഷ.

27. "സ്ത്രീമനസ്സിന്റെ ഭൂപടങ്ങളെ അടയാളപ്പെടുത്തുന്നതാണ് ഗ്രേസിയുടെ കഥകൾ." – 'ഗൗളിജന്മം' എന്ന കഥയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവനയെ വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.